No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## KEAM-2018

പുതുതായി ഉൾപ്പെടുത്തിയിരുന്ന നാല് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് സുപ്രീം കോടതി പ്രവേശനാനുമതി നല്കുകയാണെങ്കിൽ ഇതിനകം നടത്തിയ രണ്ട് മോപ്പ്-അപ് കൗൺസലിംഗും റദ്ദാക്കി മെഡിക്കൽ, ഡെന്റൽ ഉൾപ്പെടെ മുഴുവൻ കോഴ്സുകളിലേക്കും വീണ്ടും മോപ്പ്-അപ് കൗൺസലിംഗ് നടത്തേണ്ടി വരുമെന്ന് പ്രവേശന പരീക്ഷാകമ്മീഷണർ പറഞ്ഞതായി വന്ന പത്രവാർത്ത ശരിയല്ല എന്ന് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ശ്രദ്ധക്കായി അറിയിക്കുന്നു. ബഹു.കേരള ഹൈക്കോടതി വിധി പ്രകാരം അംഗീകാരം നേടിയ 4 കോളേജുകളിലേക്ക് സെപ്റ്റംബർ 4, 5 തീയതികളിലായി നടന്ന കൗൺസലിംഗിൽ നടത്തിയ അലോട്ട്മെന്റുകൾ ബഹു. സുപ്രീം കോടതി വിധി പ്രകാരം നിലനിൽക്കാത്ത സാഹചര്യത്തിലാണ് സെപ്റ്റംബർ 8, 9 തീയതി കളിൽ പുന:ക്രമീകരിച്ച് കൗൺസലിംഗ് നടന്നത്. പ്രസ്തുത കൗൺസലിംഗിൽ ലഭിച്ച അലോട്ട്മെന്റ് പ്രകാരം നേടിയ പ്രവേശനങ്ങൾ നിലനില്ക്കും. പ്രവേശന നടപടികൾ അവസാനിപ്പിച്ച സെപ്റ്റംബർ 10-ന് നിലവിലില്ലാത്ത സീറ്റുകളിലേക്ക് 4, 5 തീയതികളിൽ നടത്തിയ അലോട്ട്മെന്റുകൾ നിലനില്ക്കാത്ത സാഹചര്യത്തിൽ 4 കോളേജുകളെ സംബന്ധിച്ച് സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിച്ച ശേഷം ആവശ്യമെങ്കിൽ സ്പോട്ട് അഡ്മിഷൻ നടത്തും.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ ആദ്യ രണ്ട് റൗണ്ട് അലോട്ട്മെന്റുകൾക്ക് ശേഷം ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരുന്ന ചില വിദ്യാർത്ഥികൾക്ക് 2018 സെപ്റ്റംബർ 4, 5 തീയതികളിൽ നടന്ന മോപ്പ്-അപ് കൗൺസലിംഗിൽ പുതിയ അലോട്ട്മെന്റ് നല്കുകയും പ്രവേശനം നേടുകയും ചെയ്തിരുന്നു. എന്നാൽ സെപ്റ്റംബർ 8, 9 തീയതികളിൽ നടന്ന പുനഃക്രമീകരിച്ച കൗൺസലിംഗിൽ പ്രസ്തുത അലോട്ട്മെന്റ് നഷ്ടമായിട്ടുണ്ടെങ്കിൽ അവർക്ക് ആദ്യം ലഭിച്ചിരുന്ന ബി.ഡി.എസ് കോഴ്സിലെ അഡ്മിഷൻ നിലനിർത്തുന്നതായി അറിയിച്ചിരുന്നു. അപ്രകാരം ബി.ഡി.എസ് കോഴ്സുകളിലേക്ക് തിരികെ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **13.09.2018-ന് വൈകുന്നേരം 5 മണിക്കു മുമ്പായി** അതാത് ഡെന്റൽ കോളേജുകളിൽ തിരികെ പ്രവേശനം നേടേണ്ടതാണ്. കൂടാതെ സെപ്റ്റംബർ 4, 5 തീയതികളിൽ നടന്ന കൗൺസലിംഗിൽ പുതുതായി ഉൾപ്പെടുത്തിയ 4 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയതും, 8, 9 തീയതികളിലെ കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കും നേരത്തേ ബി.ഡി.എസ് കോഴ്സിൽ അഡ്മിഷൻ ഉണ്ടായിരുന്നെങ്കിൽ അത് നിലനിർത്തിയിട്ടുണ്ട്. അത്തരം വിദ്യാർത്ഥികൾക്കും അവർ ആഗ്രഹിക്കുന്ന പക്ഷം **13.09.2018 വൈകുന്നേരം 5 മണിയ്ക്കകം** നേരത്തേയുണ്ടായിരുന്ന ബി.ഡി.എസ് കോഴ്സിൽ തിരികെ പ്രവേശനം നേടാവുന്നതാണ്. **അപ്രകാരം ബി.ഡി.എസ് കോഴ്സുകളിൽ 13.09.2018 വൈകുന്നേരം 5 മണിക്കു മുമ്പായി അതാത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്തവർക്ക് ബി.ഡി.എസ് കോഴ്സിൽ നിലനിർത്തിയ അഡ്മിഷൻ റദ്ദാക്കുന്നതും അപ്രകാരം വരുന്ന ഒഴിവുകൾ പുതുക്കിയ കൗൺസലിംഗിലൂടെ 14.09.2018-ന് നികത്തുന്നതുമായിരിക്കും.**

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
11.09.2018